# സമഗ്ര വിദ്യാലയ വികസനരേഖ
# (സ്കൂൾ മാസ്റ്റർ പ്ലാൻ)
# 2025 - 26

## അക്കാദമികം

## ഭൗതികം

## സാമൂഹികം



**St. Antony's High School**
34th Mile, Mundakayam East

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | - | സെന്റ് ആന്റണീസ് ഹൈസ്കൂൾ മുണ്ടക്കയം ഈസ്റ്റ് |
| 2. വിലാസം | - | മുണ്ടക്കയം ഈസ്റ്റ് പി.ഒ., പിൻ - 686513, ഇടുക്കി ജില്ല |
| 3. സ്കൂൾ കോഡ് | - | 30059 |
| 4. വിദ്യാഭ്യാസ ഉപജില്ല | - | പീരുമേട് |
| 5. വിദ്യാഭ്യാസ ജില്ല | - | കട്ടപ്പന |
| 6. റവന്യു ജില്ല | - | ഇടുക്കി |
| 7. ബി.ആർ.സി | - | പീരുമേട് |
| 8. സി.ആർ.സി | - | കുറ്റിപ്ലങ്ങാട് |
| 9. ഗ്രാമപഞ്ചായത്ത് | - | കൊക്കയാർ |
| 10. ബ്ലോക്ക് പഞ്ചായത്ത് | - | അഴുത |
| 11. ജില്ലാ പഞ്ചായത്ത് | - | ഇടുക്കി |
| 12. നിയമസഭാ മണ്ഡലം | - | പീരുമേട് |
| 13. ലോകസഭാ മണ്ഡലം | - | ഇടുക്കി |
| 14. താലൂക്ക് | - | പീരുമേട് |
| 15. വില്ലേജ് | - | കൊക്കയാർ |
| 16. ഇ മെയിൽ | - | sahsmundakayam@gmail,com |
| 17. ആകെ കുട്ടികൾ | - | 662 |
| 18. അധ്യാപകർ | - | 21 |
| 19. അനധ്യാപകർ | - | 4 |

St. Antony's H.S. Idukki Dist. 686513 Mundakayam East

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം


ST. ANTONY'S HIGH SCHOOL

# ആമുഖം

മധ്യ തിരുവിതാംകൂറിന്റെ ജീവിത രീതിയെയും സാമ്പത്തിക മേഖലയെയും വളരെയധികം സ്വാധീനിക്കുന്ന റബ്ബർ കൃഷിയുടെ ഉത്ഭവ കേന്ദ്രമായ മുണ്ടക്കയത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഇംഗ്ലീഷുകാരനായ ജെ.ജെ. മർഫി സ്ഥാപിച്ച റബ്ബർ ഗവേഷണകേന്ദ്രവും റബ്ബർ കൃഷിയും കേരളത്തിന്റെ പ്രത്യേകിച്ച് മധ്യ തിരുവിതാംകൂറിന്റെ കാർഷിക മേഖലയ്ക്ക് പുത്തനുണർവേകി. പ്രകൃതി ഭംഗി കൊണ്ടും വ്യത്യസ്തമായ സംസ്ക്കാരങ്ങളുടെ സംഗമം കൊണ്ടും സമ്പന്നമായ മുണ്ടക്കയം, കോട്ടയം, ഇടുക്കി ജില്ലകളുടെ അതിര് നിശ്ചയിക്കപ്പെട്ടിരിക്കുന്ന മേഖലകളിൽ ഒന്നു കൂടിയാണ്. കിഴക്ക് പശ്ചിമഘട്ട മലനിരകളാലും, പടിഞ്ഞാറ് മനോഹരമായ പോത്തൻ മലയാലും, വടക്ക് പൂവഞ്ചി മലയാലും, തെക്ക് നെടും തോടിനാലും ചുറ്റപ്പെട്ടു കിടക്കുന്ന മുണ്ടക്കയം സെന്റ് ആന്റണീസ് ഹൈസ്കൂൾ ഈ മേഖലയിലെ ഏറ്റവും മികച്ച വിദ്യാലയമായി നിലകൊള്ളുന്നു. മേഖലയിലെ വളരെ സാധാരണക്കാരായ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകികൊണ്ട് നാടിന്റെ അഭിമാനമായി വിദ്യാലയം മികച്ച രീതിയിൽ മുന്നോട്ടു പോകുന്നു.

# ലക്ഷ്യങ്ങൾ

1. മൂല്യവത്തും, മതേതരവും, ജനാധിപത്യപരവും സർവ്വോപരി സമഗ്ര വികസനത്തിനും ഉതകുന്ന വിധത്തിലുള്ള വിദ്യാഭ്യാസം മലയോര മേഖലയിലെ മുഴുവൻ ജനവിഭാഗത്തിനും ഉറപ്പു വരുത്തുക.
2. അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ട് മികവുറ്റ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. 8,9,10 ക്ലാസുകളിൽ വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതി കേന്ദ്രീകൃതമായും മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, അതിനുതകുന്ന വിധം കൃത്യമായ പദ്ധതികൾ തയ്യാറാക്കുകയും, എല്ലാ പ്രവർത്തനങ്ങളും സമയ ബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുക.
4. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ സർഗാത്മകവും രസകരവും ആക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുക.
5. സെക്കണ്ടറി തല വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഓരോ കുട്ടിയും സ്വായത്തമാക്കേണ്ട കഴിവുകൾ ലഭ്യമായി എന്നു ഉറപ്പുവരുത്തുക.

# വിദ്യാലയത്തിന്റെ ചരിത്രം

കാഞ്ഞിരപ്പള്ളി രൂപതയിലെ മുണ്ടക്കയം വ്യാകുലമാതാ ഇടവകയുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ, വെരി റവ.ഫാ തോമസ് ആര്യമണ്ണിൽ സ്ഥാപക മാനേജരായി വർത്തിച്ചുകൊണ്ട് 1979 - ൽ ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടു.

8,9,10 ക്ലാസ്സുകൾ ഉൾപ്പെടുന്ന 14 ഡിവിഷനുകളിലായി 660 ൽ പരം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിക്കുന്നു. സ്ഥാപകകാലം മുതൽ തന്നെ എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടുന്നതിൽ ഈ വിദ്യാലയം മുന്നിട്ടു നിന്നു.

1982- ലെ പ്രഥമ എസ്.എസ്.എൽ.സി ബാച്ച് 98% വിജയം നേടിക്കൊണ്ട് സംസ്ഥാനതലത്തിലെ തന്നെ മികച്ച നേടിയ വിദ്യാലയം എന്ന ഖ്യാതി സമ്പാദിച്ചു. തുടർച്ചയായ വർഷങ്ങളിൽ എസ്.എസ്.എൽ.സി ക്ക് 100% വിജയം കരസ്ഥമാക്കുവാൻ വിദ്യാലയത്തിന് സാധിച്ചു. ഈ മേഖലയിൽ ഏറ്റവും വിദ്യാർത്ഥികൾ പരീക്ഷ എഴുതുകയും 100% വിജയം ആവർത്തിക്കുകയും ചെയ്ത ഏക വിദ്യാലയമാണിത്. പാഠ്യ പാഠ്യേതര മേഖലകളിൽ ഒരേപോലെ മികവ് തെളിയിച്ചുകൊണ്ട് കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മുണ്ടക്കയം സെന്റ് ആന്റണീസ് ഹൈസ്കൂൾ മാറിക്കഴിഞ്ഞു.

രാഷ്ട്രീയം, കല, സാമൂഹ്യപ്രവർത്തനം, ഭരണ നിർവഹണം, ശാസ്ത്രം തുടങ്ങിയ, സമൂഹത്തെ സ്വാധീനിക്കുന്ന എല്ലാ മേഖലകളിലും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ഉണ്ട് എന്നത് തികച്ചും അഭിമാനാർഹമാണ്.

സംസ്ഥാന സ്കൂൾ കലോത്സവം, ശാസ്ത്രോത്സവം, കായികമേള തുടങ്ങിയവയിൽ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുവാനും അതുവഴി ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുവാനും ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. എസ്.പി.സി, ലിറ്റിൽ കൈറ്റ്സ്, റെഡ് ക്രോസ് വിവിധ ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ ഗുണനിലവാരം ഉയർത്തുന്നവയാണ്.

കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ തന്നെ ഏറ്റവും മികച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റായി ഈ വിദ്യാലയത്തിലെ യൂണിറ്റിനെ തിരഞ്ഞെടുത്തു.

സമഗ്ര വികസനം വിദ്യാഭ്യാസത്തിലൂടെ എന്ന ലക്ഷ്യം മുൻനിർത്തി ഈ വിദ്യാലയം സുഗമമായി പ്രവർത്തിച്ചു വരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം
# കാഴ്ച്ചപ്പാട്

വിദ്യ അഭ്യസിക്കുന്ന ഇടമാണ് വിദ്യാലയം. വിദ്യ അല്ലെങ്കിൽ ജ്ഞാനം എന്നത് വെളിച്ചമാണ്. തമസോമാ ജ്യോതിർഗമയ എന്ന ആപ്ത വാക്യത്തിലൂന്നിയാണ് വിദ്യാഭ്യാസം നടപ്പിലാക്കപ്പെടേണ്ടത്.

1. സാംസ്കാരികവും സർഗാത്മകവും, സമഗ്രവുമായ പുരോഗതിയിലേയ്ക്ക് ഓരോ വിദ്യാർത്ഥിയേയും നയിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തെ പുനർനിർമ്മിക്കുക.
2. പാഠ്യ പ്രവർത്തനങ്ങളിൽ ശ്രദ്ധയോടും ഊർജ്ജസ്വലതയോടും കൂടി പങ്കാളികളാകുവാൻ കുട്ടികൾക്ക് സാധ്യമാകും വിധം വിദ്യാലയാന്തരീക്ഷത്തെ രൂപപ്പെടുത്തൽ.
3. ശുചിത്വം, കൃത്യനിഷ്ഠ, ദയ, ദീനാനുകമ്പ തുടങ്ങിയ മാനുഷിക മൂല്യങ്ങളും, സ്വഭാവഗുണങ്ങളും കുട്ടികളിൽ വളർത്തുക.
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവ ഉറപ്പാക്കുന്ന രീതിയിൽ വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
5. സെക്കണ്ടറി വിഭാഗത്തിൽപ്പെട്ട മറ്റു കുട്ടികൾ വിദ്യ ആർജ്ജിച്ചെടുക്കുന്നതിനെക്കാൾ കൂടുതൽ മികവുറ്റ രീതിയിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ സ്വായത്തമാക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കൽ.
6. പാരിസ്ഥിതിക അവബോധം വളർത്തി പ്രകൃതിയെ സ്നേഹിക്കാനും വരും തലമുറയ്ക്ക് കൈമാറ്റം ചെയ്യുവാൻ കൈമോശം വരാത്ത പ്രകൃതിയെ നിലനിർത്തുന്ന വിധത്തിലുള്ള സുസ്ഥിര വികസനം ഉറപ്പാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
7. മികച്ച ശാരീരിക - മാനസിക - വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
8. ആരോഗ്യകരമായ സ്ത്രീ - പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചും ഉള്ള കാഴ്ചപ്പാട് വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുക.

9. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയം വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുക.

10. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ സൃഷ്ടിക്കുക.

## പദ്ധതി രൂപീകരണപ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ വികസന കാഴ്ച്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഗികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എസ്.ആർ.ജി, പി.റ്റി.എ, എം.പി.റ്റി.എ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ.
4. ശിൽപ ശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. പി.ടി.എ. നേതൃത്വത്തിൽ കേന്ദ്രീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

**ഭൗതികം – നേട്ടങ്ങൾ**

നിലവിലുള്ള ക്ലാസ്സ് മുറികളിൽ രണ്ടു ക്ലാസ്സ് മുറികൾ ഹൈ ടെക്ക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടു ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പി.ടി.എ ഫണ്ടുപയോഗിച്ച് വിദ്യാലയ മുറ്റത്തെ മരങ്ങൾക്ക് ചുറ്റും തറകെട്ടി ഭംഗിയുള്ളതാക്കി മാറ്റി.

**ഭൗതികം – പരിമിതികൾ**

ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളുടെ അഭാവം, സിക്ക് റൂം, സ്പോർട്ട്സ് റൂം, സെമിനാർ ഹാൾ, വാഹന ഷെഡ് എന്നിവയുടെ അഭാവം, ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളി സ്ഥലത്തെ പുനർ നിർമ്മിക്കേണ്ടതാണ്. കൂടുതൽ ക്ലാസ്സ് മുറികൾ ഹൈ - ടെക്ക് സംവിധാനം ക്രമീകരിക്കുവാനുള്ള വിധത്തിൽ പുനർനിർമ്മിക്കേണ്ടതാണ്

**അക്കാദമിക– നേട്ടങ്ങൾ**

തുടർച്ചയായി മുൻ വർഷങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 100 % വിജയം കരസ്ഥമാക്കി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി എന്നിവയുടെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ,വ്യക്തിത്വ വികസന ക്ലാസ്സുകൾ, ബോധവൽക്കരണ സെമിനാറുകൾ, പഠനയാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി കേന്ദ്രസർക്കാർ നടത്തുന്ന നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുകയും കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ ഏറ്റവും കൂടുതൽ സ്കോളർഷിപ്പ് നേടുന്ന വിദ്യാലയം എന്ന ഖ്യാതി നേടുകയും ചെയ്തു

**അക്കാദമികം - പരിമിതികൾ**

മത്സര പരീക്ഷകളിൽ കൂടുതൽ കുട്ടികൾക്ക് വിജയികളാകുവാൻ സാധിക്കുന്നില്ല. കലാ കായിക മേഖലകളിൽ ആവശ്യാനുസരണം പരിശീലനം നൽകുവാൻ സമയത്തിന്റെ അപര്യാപ്തത മൂലം സാധിക്കാതെപ്പോകുന്നു. ലൈബ്രറിയും, ലാബും ആധുനികവത്ക്കരിക്കേണ്ടതാണ്. ക്ലാസ്റൂം ലൈബ്രറിയും, ലാബും ആധുനികവത്ക്കരിക്കേണ്ടതാണ്. ക്ലാസ് റൂം ലൈബ്രറിയുടെ അഭാവം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം. | കളിസ്ഥലം. | പി.ടി.എ. ശക്തിപ്പെടുത്തൽ. |
| ഗണിതശേഷി വികസനം. | ക്ലാസ് മുറികൾ. | വിദ്യാലയ വികസനസമിതി. |
| ഇംഗ്ലീഷ് പഠന പരിപോഷണം. | വിശ്രമ മുറി. | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം. |
| ശാസ്ത്രപോഷണ പരിപാടി. | മൾട്ടി മീഡിയ റൂം. | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| വായനാ പരിപോഷണം. | ലൈബ്രറി. | ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ. |
| ലൈബ്രറി ശാക്തീകരണം. | ഡൈനിംഗ് ഹാൾ. | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ. |
| ലബോറട്ടറി ആധുനിക വത്ക്കരിക്കൽ. | അസംബ്ലി ഹാൾ. | വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ. |
| പ്രതിഭാ പോഷണ പരിപാടി. | കുടിവെള്ള വിതരണം. | റിസോഴ്സ് മാപ്പിംഗ്. |
| നാടകക്കളരി. | മാലിന്യ സംസ്കരണം. | പഠനക്കൂട്ടം. |
| ജൈവവൈവിധ്യ പാർക്ക്. | ടോയിലറ്റ്. | പ്രാദേശിക പി.ടി.എ. |
| സാഹിത്യ പോഷണ പരിപാടികൾ. | ലബോറട്ടറി. | ഭവനസന്ദർശനം. |
| പഠന യാത്രകൾ. | ജന്മദിനത്തിനൊരു പുസ്തകം. | |
| സെമിനാറുകൾ. | ചിത്ര രചന. | |
| കലാകായികമേള. | എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം. | |
| ഐ.ടി. പരിശീലനം. | എന്റെ ചെടി എനിക്കും പറയാനുണ്ട്. | |
| അധ്യാപക ശക്തീകരണ പരിപാടികൾ. | ഭാഷോത്സവം. | |
| ക്ലാസ് പി.ടി.എ സജീവമാക്കൽ. | ഗണിതോത്സവം. | |
| സ്കൂൾ പത്രം/മാസിക. | | |
| പ്രവൃത്തി പരിചയ പഠനം | | |
| എസ് ആർ.ജി. ശക്തീകരണം. | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |
| പച്ചക്കറിത്തോട്ടം. | | |

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ■ രചനാ ശില്പശാല. | | |
| ■ അഭിമുഖങ്ങൾ | | |
| ■ മെഡിക്കൽ ക്യാമ്പ്. | | |
| ■ പോഷകാഹാര പരിപാടി. | | |
| ■ ഗണിത ലാബ്. | | |
| ■ ഭാഷാ ലാബ്. | | |
| ■ ബ്ലോഗ്. | | |
| ■ ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ. | | |
| ■ ദിനാചരണം. | | |
| ■ കായിക പഠനം. | | |

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം - 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് സംസാരിക്കാനും, എഴുതാനും, വായിക്കാനും, ഉള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലി നിയന്ത്രിക്കുക. മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം (ഹ്രസ്വം) | ക്ലാസ് ടീച്ചർ | — |

## പ്രവർത്തനം - 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം (ഹ്രസ്വം) | ഇംഗ്ലീഷ് അധ്യാപകർ | |

## പ്രവർത്തനം - 3

പേര് : ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠ പുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റിയെഴുതി സദസ്സിനു മുൻപാകെ അവതരിപ്പിക്കൽ. ഉദാ. സ്കിറ്റ്, കോൺവർസേഷൻ, ഡ്രാമ. | പ്രതിമാസ പരിപാടി (ഹ്രസ്വം) | ഇംഗ്ലീഷ് അധ്യാപകർ | |

## പ്രവർത്തനം - 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗാത്മകരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ഇംഗ്ലീഷ് സർഗാത്മക രചന നടക്കുന്നതിനുള്ള ശേഷി കൈവരിക്കൽ | പ്രതിമാസം (ഹ്രസ്വം) | ഇംഗ്ലീഷ് അധ്യാപകർ | 2000 രൂപ പരസ്യം |

## പ്രവർത്തനം – 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുക. | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് | 5 ദിവസം (അവധി ക്കാലം) (ഹ്രസ്വം) | പി.ടി.എ. എച്ച്.എം. ഇംഗ്ലീഷ് അധ്യാപകർ | 5000 രൂപ പി.ടി.എ. |

## പ്രവർത്തനം – 6

പേര് : Translation of Malayalam Children's Books to English
(മലയാളം കൃതികൾ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യൽ.)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാളം കൃതികൾ ആശയം ചോർന്നു പോകാതെ ഇംഗ്ലീഷിലേയ്ക്ക് പ്രസിദ്ധീരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം (മധ്യമം) | ഇംഗ്ലീഷ് അധ്യാപകർ | |

## പ്രവർത്തനം - 7

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ. | പ്രതി വർഷം പത്ത് ക്ലാസ് (മാധ്യമം) | ഇംഗ്ലീഷ് അധ്യാപകർ /ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 8

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി (ഹ്രസ്വം) | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം – 9

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി (ഹ്രസ്വം) | ഇംഗ്ലീഷ് ക്ലബ്ബ് | — |

## പ്രവർത്തനം – 10

പേര് : രചനാ ശിൽപശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കഥയരങ്ങ് / കവിയരങ്ങ് രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കുക. | രണ്ടു മാസത്തിൽ ഒരിക്കൽ (ഹ്രസ്വം) | വിദ്യാരംഗം കലാ സാഹിത്യവേദി | 5000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 11

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി (ഹ്രസ്വം) | വിദ്യാരംഗം എസ്.ഐ.റ്റി.സി | |

## പ്രവർത്തനം - 12

പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്.എം / പി.ടി.എ | 2000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം – 13

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ 2 പ്രാവശ്യം (മധ്യമം) | എച്ച്.എം / പി.ടി.എ. ലൈബ്രേറിയൻ | 2000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം – 14

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | പ്രതിമാസ പരിപാടി (ഹ്രസ്വം) | വിദ്യാരംഗം കലാസാഹിത്യ വേദി | — |

## പ്രവർത്തനം – 15

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം – 16

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം - 17

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം (മധ്യമം) | ആവശ്യാനുസരണം | — |

## പ്രവർത്തനം - 18

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം (മധ്യമം) | ഗണിത ക്ലാസ് | 1000 രൂപ പി.ടി.എ |

## പ്രവർത്തനം - 19

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല/ ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാ ബിലെ വിവിധ ഉപകരണങ്ങളും രാസ വസ്തുക്കളും, ഫിസിക്സ്,കെമിസ്ട്രി ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീതകരി ക്കൽ, കാറ്റലോഗ് തയ്യാറാ ക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രവശ്യം | സയൻസ് ക്ലബ് | |

## പ്രവർത്തനം – 20

പേര് : ശാസ്ത്രപോഷണപരിപാടി

മേഖല/ ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുളള ക്ലാസ്സുകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക YIP യിലൂടെ കുട്ടികൾ ശാസ്ത്രീയമായ പരീക്ഷണ ങ്ങളിൽ താത്പര്യം ഉളവാ ക്കുന്നു. | പ്രതിമാസ പരിപാടി (ഹ്രസ്വം) | സയൻസ് ക്ലബ് | 5000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം – 21

പേര് : പ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേകം പരിശീലന ക്ലാസുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ. | അവധി ദിവസങ്ങൾ (ഹ്രസ്വം) | എസ്.ആർ.ജി | 5000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം – 22

പേര് : ശാസ്ത്ര യാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം – 23

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്നു മനസ്സിലാക്കുക. | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം (ദീർഘം) | സയൻസ് ക്ലബ്ബ് | 10000 രൂപ പി.ടി.എ. |

## പ്രവർത്തനം – 24

പേര് : സാമൂഹ്യശാസ്ത്ര ലാബ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം (ദീർഘം) | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000 രൂപ പി.ടി.എ. |

## പ്രവർത്തനം - 25

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം (ഹ്രസ്വം) | എസ്.ആർ.ജി | 20000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം - 26

പേര് : ഡിബേറ്റ് ക്ലബ്ബ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം (ഹ്രസ്വം) | എസ്.ആർ.ജി | — |

## പ്രവർത്തനം – 27

പേര് : മോക്ക് പാർലമെന്റ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1.കാലവർഷ സമ്മേളനം<br>2.തുലാവർഷ സമ്മേളനം<br>3.ഓണക്കാല സമ്മേളനം<br>4.ക്രിസ്തുമസ് സമ്മേളനം<br>5.വേനൽക്കാല സമ്മേളനം | എസ്.ആർ.ജി സ്കൂൾ പാർലമെന്റ് | — |

## പ്രവർത്തനം – 28

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, [illegible] മാതൃകകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം (ആദ്യം) | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | സാമൂഹിക ശാസ്ത്ര ക്ലബ്ബ് 5000 രൂപ സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 29

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൽ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും (ഹ്രസ്വം) | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000 രൂപ പി.ടി.എ |

## പ്രവർത്തനം - 30

പേര് : രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ

മേഖല/ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നുവീതം (ഹ്രസ്വം) | ഹിന്ദി ക്ലബ്ബ് | 5000 രൂപ പി.റ്റി.എ. |

## പ്രവർത്തനം - 31

പേര് : ചിത്രരചനാക്കളരി

മേഖല/ ഉപമേഖല : അക്കാദമികം/ കലാ- വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം | മധ്യ വേനൽ അവധി ക്കാലം (5 ദിവസം) (മധ്യമം) | എസ്. ആർ. ജി | 10000 രൂപ പി.റ്റി.എ |

## പ്രവർത്തനം - 32

പേര് : ഡൈനിംഗ് ഹാൾ

മേഖല/ ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ ആകർഷ കമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം (ദീർഘം) | പി.റ്റി.എ എൽ. എസ്. ജി.ഡി | 5 ലക്ഷം (എം. പി ഫണ്ട്) |

## പ്രവർത്തനം – 33

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം/കായിക - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) (ഹ്രസ്വം) | പി.റ്റി.എ. കായിക അദ്ധ്യാപകൻ | 10000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം – 34

പേര് : കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ

മേഖല/ഉപമേഖല : അക്കാദമികം/കായിക - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തല വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം | എച്ച്.എം. കായിക അദ്ധ്യാപകൻ | 5000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം - 35

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വാർഷത്തിൽ ഒന്നു വീതം (മധ്യമം) | എച്ച്.എം., പി.റ്റി.എ. | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം - 36

പേര് : പച്ചക്കറിത്തോട്ടം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിതോട്ടം ഉണ്ടാക്കൽ | വാർഷത്തിൽ ഒന്നു വീതം (മധ്യമം) | എച്ച്.എം., പി.റ്റി.എ. | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം – 37

പേര് : ജൈവ വൈവിധ്യപാർക്ക്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | സ്കൂളുകളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം (ദീർഘം) | എസ്ആർജി | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം – 38

പേര് : ക്ലാസ് പി.റ്റി.എ. സജീവമാക്കൽ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.റ്റി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം. | പ്രതിമാസ പരിപാടി (ഹ്രസ്വം) | ക്ലാസ് ടീച്ചർ | — |

## പ്രവർത്തനം – 39

പേര് : ക്ലാസ് പി.റ്റി.എ. സജീവമാക്കൽ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും (ഹ്രസ്വം) | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.റ്റി.എ. | 50000 രൂപ സി.എസ്.ആർ. ഫണ്ട് |

## പ്രവർത്തനം – 40

പേര് വ്യഗ്വ്യൂ കുറിയും

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചരിത്രവിഷ്ക്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയും ലഘു വിതരണങ്ങളിലൂടെയും രേഖപ്പെടുത്തി പുസ്തകമാക്കുന്നു | ഒരു പ്രാവശ്യം (ദീർഘം) | ഒ.എസ്.എ., എസ്.എസ്.ജി. | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം - 41

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളും (മധ്യമം) | ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ | — |

## പ്രവർത്തനം - 42

പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യമാസികകളിലെയും മാസികളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ,വിവരണം, എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം (ഹ്രസ്വം) | എസ്ആർജി | — |

## പ്രവർത്തനം - 43

പേര് : സമഗ്ര പോർട്ടൽ ശിൽപശാല

മേഖല/ ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | സ്കൂൾ വിക്കിയിൽ സമഗ്രയിലേക്ക് വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് സ്കൂൾ വിക്കി പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം (മധ്യമം) | എസ്. ആർ. ജി | |

## പ്രവർത്തനം - 44

പേര് : ഡൈനിംഗ് ഹാൾ

മേഖല/ ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം+ആരോഗ്യം = പഠനം | സൗകര്യപ്രദമായ ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം (ദീർഘം) | പി.റ്റി.എ എൽ. എസ്. ജി.ഡി | 5 ലക്ഷം (എം.പി ഫണ്ട്) |

## പ്രവർത്തനം - 45

പേര് : ലോകസഞ്ചാരം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന വിധം ഭിത്തിയിൽ പ്രദർശിപ്പിക്കുക. ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസവസാനം വാർത്തകൾ മുഴുവൻ പൊളിച്ചുമാറ്റി വീണ്ടു പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം (ഹ്രസ്വം) | എസ്.ആർ.ജി | — |

## പ്രവർത്തനം - 46

പേര് : ചരിത്രകലണ്ടർ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര കലണ്ടർ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം (ഹ്രസ്വം) | എസ്.ആർ.ജി | — |

## പ്രവർത്തനം - 47

പേര് : 100 കവികൾ 100 കവിതകൾ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് കവിതകളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും ചരിത്രവും തയ്യാറാക്കണം. പുസ്തക രൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി.റ്റി.എ. | — |

## പ്രവർത്തനം - 48

പേര് : നിശാപാഠശാല

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നാക്കക്കാരായ 10,12 ക്ലാസുകളിലെ കുട്ടികൾക്ക് രാത്രികാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടു നിൽക്കുന്ന രാത്രികാല പരിശീലനം പി.റ്റി.എ. പ്രതിനിധികളും അധ്യാപകരും പാഠശാലയ്ക്ക് ഭക്ഷണം നൽകണം. | പ്രതിവർഷം ഒരു മാസം | എസ്.ആർ.ജി പി.റ്റി.എ. | 10000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം - 49

പേര് : മൺമറഞ്ഞ ആഹാരം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി.റ്റി.എ. | 10000 രൂപ സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം - 50

പേര് : ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | — |

## പ്രവർത്തനം - 51

പേര് : യോഗ പരിശീലന കേന്ദ്രം

മേഖല/ ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ച്ചയിൽ ഒന്നു വീതം (മധ്യമം) | പി.റ്റി.എ | 50000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 52

പേര് : രക്ഷിതാക്കൾക്ക് ഇ-സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

മേഖല/ ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി | വൈകുന്നേരങ്ങളിൽ/ അവധി ദിവസങ്ങളിൽ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ നൽകി വരുന്നത് | ആഴ്ച്ചയിൽ 1 ദിവസം (ഹ്രസ്വം) | എച്ച്.എം. ഐ.ടി @ സ്കൂൾ എസ്. ഐ.റ്റി.സി | - |

## പ്രവർത്തനം - 53

പേര് : ശൗചാലയം സമുച്ചയം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനം ഒന്ന് ശുചിത്വം. | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ. | രണ്ടു വർഷം (ദീർഘം) | പി.റ്റി.എ., എൽ.എസ്. ജി.ഡി | 10 ലക്ഷം (എം.എൽ.എ. ഫണ്ട്) |

## പ്രവർത്തനം - 54

പേര് : ലാബ് സമുച്ചയം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ ലാബ് മന്ദിരസുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം | രണ്ടു വർഷം (ദീർഘം) | പി.റ്റി.എ., | 10 ലക്ഷം (എം.പി. ഫണ്ട്) സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം – 55

പേര് : മൈതാന നിർമ്മാണം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന സൗകര്യങ്ങളൊരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | രണ്ടു വർഷം (ദീർഘം) | പി.റ്റി.എ., എൽ.എസ്.ജി.ഡി | 40 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

## പ്രവർത്തനം – 56

പേര് : കുടിവെള്ള വിതരണം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം ടാങ്കിൽ നിന്നും പൈപ്പ്, വാഷ് [illegible] എന്നിവയിലേക്ക് സ്ഥാപിക്കൽ | ആറ് മാസം (ദീർഘം) | പി.റ്റി.എ | 200000 രൂപ ഗ്രാമപഞ്ചായത്ത്, പി.റ്റി.എ മാനേജ്മെന്റ് |

## പ്രവർത്തനം - 57

പേര് : വായനക്കൂട്ടം

മേഖല/ ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ. നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം (മധ്യമം) | ലൈബ്രേറിയൻ | - |

## പ്രവർത്തനം - 58

പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം

മേഖല/ ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം എൻ.എം.എം.എസ് പരിശീലനം നടത്തി വരുന്നു | അവധി ദിവസങ്ങളിൽ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ. അധ്യാപകർ ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം. ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന നാമമാത്ര ഫീസ് അക്കാദമിക്ക് ആവശ്യങ്ങൾക്ക് വിനിയോഗിക്കൽ | ആഴ്ച്ചയിൽ ഒരു ദിവസം (ഹ്രസ്വം) | എസ്.ആർ.ജി പി.റ്റി.എ | 10000 രൂപ പരസ്യം |

## പ്രവർത്തനം - 59

പേര് : നീന്തൽക്കുളം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത, സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽക്കുളം നിർമ്മിക്കൽ. അവധി ദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമൂഹത്തിനും പരിശീലനത്തിന് അവസരം നൽകാം. | ഒരു പ്രാവശ്യം (ദീർഘം) | പി.റ്റി.എ. അദ്ധ്യാപകൻ, പിറ്റി.എ | 50 ലക്ഷം സ്പോൺസർ ഷിപ്പ് മാനേജ്മെന്റ് പി.റ്റി.എ |

## പ്രവർത്തനം - 60

പേര് : ജനറേറ്റർ റൂം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനറേറ്റർ സ്ഥാപിക്കൽ | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ് റൂം, എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം പി.റ്റി. | പിറ്റി.എ | 5 ലക്ഷം എം.പി.ഫണ്ട് |

## പ്രവർത്തനം - 61

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ. | വിദ്യായത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും. | 2 വർഷം (ദീർഘം) | എച്ച്.എം. ക്ലർക്ക്., എസ്ആർജി കൺവീനർ | പി.റ്റി.എ മാനേജ്മെന്റ് |

## പ്രവർത്തനം - 62

പേര് : മാലിന്യ സാംസ്കരണം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സാംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം (ദീർഷം) | പി.റ്റി.എ | 1 ലക്ഷം ഗ്രാമപഞ്ചായത്ത് |

## പ്രവർത്തനം – 63

പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം (മധ്യമം) | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (അനെർട്ട്) |

## പ്രവർത്തനം – 64

പേര് : ടൂൾ കിറ്റ് പണിയായുധങ്ങൾ

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം (മധ്യമം) | പി.റ്റി.എ. സ്റ്റാഫ് സെക്രട്ടറി | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം – 65

പേര് : സൗരോർജ്ജപാനൽ

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം (ദീർഘം) | പി.റ്റി.എ | 10 ലക്ഷം മാനേജ്മെന്റ് സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം – 66

പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം (മധ്യമം) | പി.റ്റി.എ | 50000 രൂപ പി.റ്റി.എ |

## പ്രവർത്തനം - 67

പേര് : പൂർവ്വാദ്ധ്യാപക സംഗമം

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ. | 2 വർഷത്തിൽ ലൊരിക്കൽ (ദീർഘം) | സ്റ്റാഫ് കൗൺസിൽ. | 10000 രൂപ സ്റ്റാഫ് ഫണ്ട് |

## പ്രവർത്തനം - 68

പേര് : പ്രാദേശിക പി.റ്റി.എ. യോഗങ്ങൾ

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.റ്റി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ | 10000 രൂപ പി.റ്റി.എ. |

## പ്രവർത്തനം – 69

പേര് : പഠനക്കൂട്ടങ്ങൾ

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. ഞായറാഴ്ചകളിൽ പതിവായി ക്ലാസ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ. | ഓരോ ടേമിലും ഒന്നു വീതം മികവുകളുടെ അവതരണം. ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം (മധ്യമം). | എസ്ആർജി, പി.റ്റി.എ. | 5000 സ്പോൺസർ ഷിപ്പ്. |

## പ്രവർത്തനം - 72

പേര് : പി.റ്റി.എ./എം.പി.റ്റി.എ. സർഗോത്സവം

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക | പി.റ്റി.എ. മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം (മധ്യമം). | പി.റ്റി.എ., എം.പി.റ്റി.എ., എസ്.ആർ.ജി | 10000 രൂപ പി.റ്റി.എ. ഫണ്ട് |

## പ്രവർത്തനം - 73

പേര് : പുസ്തക സമാഹരണം

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധ്യാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം (മധ്യമം). | എസ്.ആർ.ജി. സ്കൂൾ. പാർലമെന്റ് | — |

## പ്രവർത്തനം - 74

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക. | മികവാർന്ന വിധത്തിൽ പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ. | വർഷത്തിൽ ഒരു പ്രാവശ്യം (മധ്യമം). | പി.റ്റി.എ., എസ്ആർജി. | 5000 രൂപ പി.റ്റി.എ ഫണ്ട്. |

## പ്രവർത്തനം - 75

പേര് : പുസ്തക പ്രചരണം

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ. ധനസമാഹരണ മാർഗ്ഗം. | ജെ.ആർ.സി. കുട്ടികൾ, അദ്ധ്യാപകർ, പി.റ്റി.എ കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ചെറുഗ്രൂപ്പ് മുൻകൂട്ടി വാങ്ങിയ വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ വിറ്റഴിക്കൽ. കമ്മീഷൻ വിദ്യാലയ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ. | മദ്ധ്യവേനൽ അവധിക്കാലം. മധ്യമം) | ജെ.ആർ.സി. സ്റ്റാഫ് കൗൺസിൽ പി.റ്റി.എ | — |

## പ്രവർത്തനം – 79

പേര് : ഗ്രാമപത്രം

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ. | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിൽ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതു വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ. | പ്രതിദിനം (ഹ്രസ്വം). | എസ്ആർജി. സ്കൂൾ പാർലമെന്റ് | 5000 രൂപ സ്പോൺസർഷിപ്പ് |

## പ്രവർത്തനം – 80

...ര് : കാരണവക്കൂട്ടം

...ഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്നു വീതം (ഹ്രസ്വം) | ഒ.എസ്.എ., എസ്.ആർ.ജി | — |

## പ്രവർത്തനം - 81

ര് : ഹരിതഗ്രാമം

ഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ. അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ. സമീപത്തെ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം (മധ്യമം) | പി.റ്റി.എ സ്കൂൾ പാർലമെന്റ് | 10000 രൂപ (സംഭാവന) |

## പ്രവർത്തനം - 82

ർ : പൊതിച്ചോറ്

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ. | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണപൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി, എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ. | വർഷത്തിൽ 3 പ്രാവശ്യം (മധ്യമം) | എസ്.ആർ.ജി | — |

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (പി.റ്റി.എ, എം.പി.റ്റി.എ, എസ്.ആർ.ജി എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.റ്റി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

# ഉപസംഹാരം

വിദ്യാഭ്യാസം കാലഘട്ടത്തിനനുസരിച്ച് നൂതനവും സാങ്കേതികവുമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ആവശ്യപ്പെടുന്ന സമഗ്ര വികസനം സാധ്യമാക്കുവാൻ കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ മാറ്റങ്ങൾക്ക് വിധേയപ്പെടുമ്പോൾ അത് കൂടുതൽ ആകർഷകമാകും. കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഇത്തരം മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ട് പൊതുവിദ്യാലയങ്ങളെ സമൂഹത്തിന് ആകർഷകമാക്കിത്തീർക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ട് വയ്ക്കുന്നത്. കൃത്യമായ പദ്ധതി രൂപീകരണത്തിലൂടെയും സമബന്ധിതമായി അവ നടപ്പിലാക്കുന്നതിലൂടെയുമാണ് ഈ ലക്ഷ്യം കൈവരിക്കേണ്ടത്. പദ്ധതി രൂപീകരണം എന്ന പ്രഥമ മാർഗമാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളും വരുംകാലങ്ങളിൽ നടപ്പിലാക്കാൻ കഴിയുന്ന സ്വപ്ന പദ്ധതികളും അനിവാര്യമായ മാറ്റങ്ങളും മുൻനിർത്തി ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സാദിമാനം സമർപ്പിക്കുന്നു.